പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1661 — 17/06/2013 ൽ മറുപടിക്ക്

## സംവിധായകനെ ആദരിക്കാത്ത നടപടി

ചോദ്യം — ഉത്തരം

ശ്രീമതി. കെ.കെ. ലതിക — ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി

| | | | |
|---|---|---|---|
| (എ) | അന്യഭാഷയിൽ 'ബ്യാരി' എന്ന സിനിമ ചെയ്ത് ഏറ്റവും നല്ല സിനിമയ്ക്കുള്ള അവാർഡ് കരസ്ഥമാക്കിയ സുവീരൻ എന്ന മലയാളി സംവിധായകനെ ഇക്കഴിഞ്ഞ അന്താരാഷ്ട്ര ചലച്ചിത്രോൽസവത്തിൽ ആദരിക്കുമെന്ന് സർക്കാർ നൽകിയ ഉറപ്പ് പാലിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പതിനേഴാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ 'ബ്യാരി' യുടെ സംവിധായകൻ ശ്രീ. സുവീരൻ പ്രത്യേക ക്ഷണിതാവായിരുന്നു. |
| (ബി) | 'ബ്യാരി' എന്ന സിനിമ കേരളത്തിൽ പ്രദർശിപ്പിക്കുന്നതിനും സംവിധായകനെ ആദരിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കുമോ ? | (ബി) | ഉചിതമായ വേദികളിൽ ചിത്രം പ്രദർശിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. ഇക്കാര്യം ചിത്രത്തിന്റെ ശില്പികളുമായി ചർച്ചചെയ്യാവുന്നതാണ്. എന്നാൽ 'ബ്യാരി' എന്ന സിനിമ പ്രദർശിപ്പിക്കുന്നതിന്, സെൻസർ ചെയ്ത് ഏകദേശം ഒരു വർഷമായിട്ടും, പ്രസ്തുത ചിത്രത്തിന്റെ വിതരണക്കാർ/ നിർമ്മാതാക്കൾ ഇതുവരെയും ചലച്ചിത്ര വികസന കോർപ്പറേഷനെ സമീപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ